ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1160

# സൂറ – 40 / ഗാഫിർ

## സൂക്തം: 77 – 78

സ്ത്രീകൾ പ്രവാചകരായി നിയോഗിക്കപ്പെട്ടിട്ടില്ലെന്നാണ് മുസ്‌ലിം പണ്ഡിതന്മാരുടെ പൊതുവായ നിലപാട്. സ്ത്രീകൾ പ്രവാചകന്മാരായിട്ടുണ്ട് എന്നതിനോ ആയിട്ടില്ല എന്നതിനോ, പ്രാമാണിക മായ തെളിവുകളില്ല എന്നതാണ് വാസ്തവം. സ്ത്രീകൾ വഹ്‌യ് സ്വീകരിക്കാൻ യോഗ്യരാകുന്നു എന്നതിന്റെ അനിഷേധ്യമായ ഉദാഹരണമാകുന്നു മർയം(റ).

فَٱصۡبِرۡ إِنَّ وَعۡدَ ٱللَّهِ حَقٌّۚ فَإِمَّا نُرِيَنَّكَ بَعۡضَ ٱلَّذِى نَعِدُهُمۡ أَوۡ نَتَوَفَّيَنَّكَ فَإِلَيۡنَا يُرۡجَعُونَ ﴿٧٧﴾

77. ആകയാൽ പ്രവാചകൻ ക്ഷമയോടെ നിലകൊള്ളുക. അല്ലാഹുവിന്റെ വാഗ്ദാനം തികച്ചും സത്യമാകുന്നു. നാം അവരെ താക്കീതു ചെയ്യുന്ന പരിണതികളിൽ ചില ത് ഒരു പക്ഷെ നിനക്കു നേരിട്ടു കാണിച്ചു തന്നേക്കാം. അല്ലെങ്കിൽ അതിനു മുമ്പെ നാം നിന്റെ ജീവിതം പൂർ ത്തീകരിച്ചു എന്നുവരാം. എന്നാലും എന്നിലേക്കു തന്നെ യാകുന്നു എല്ലാവരും തിരിച്ചയക്കപ്പെടുന്നത്.

**77**

فَاصْبِرْ = നീ(പ്രവാചകൻ) ക്ഷമയോടെ നിലകൊള്ളുക

إِنَّ وَعْدَ اللَّهِ حَقٌّ = തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം (തികച്ചും) സത്യമാകുന്നു

فَإِمَّا نُرِيَنَّكَ = ഒരു പക്ഷെ നാം നിനക്ക് (നേരിട്ടു) കാണിച്ചു തന്നേക്കാം

بَعْضَ الَّذِي نَعِدُهُمْ = നാം അവരെ താക്കീതു ചെയ്യുന്ന (പരിണതികളിൽ) ചിലത്

أَوْ نَتَوَفَّيَنَّكَ = അല്ലെങ്കിൽ നാം നിന്നെ (നിന്റെ ജീവിതം) പൂർത്തീകരിച്ചുവെന്നുവരാം

فَإِلَيْنَا = എന്നാലും എന്നിലേക്കു തന്നെയാകുന്നു يُرْجَعُونَ = അവർ മടക്കപ്പെടുന്നത് (എല്ലാവരും തിരിച്ചയക്കപ്പെടുന്നത്)

പ്രവാചകനെതിരെ ഖുറൈശികൾ നടത്തുന്ന അക്രമ മർദനങ്ങളെ സൂചിപ്പിച്ചുകൊണ്ട്, അല്ലാഹു അവന്റെ ദൂതന്മാരെ തീർച്ചയായും സഹായിക്കും - إِنَّا لَنَنصُرُ رُسُلَنَا എന്ന് നേരത്തെ 51-ാം സൂക്തത്തിൽ ആശ്വസിപ്പിച്ച ശേഷം 55-ാം സൂക്തത്തിൽ നൽകിയ فَاصْبِرْ إِنَّ وَعْدَ اللَّهِ حَقٌّ وَاسْتَغْفِرْ لِذَنبِكَ ക്ഷമയവലംബിച്ചും വീഴ്ചകൾ പരിഹരിച്ചും മുന്നോട്ടു പോവുക അല്ലാഹുവിന്റെ വാഗ്ദാനം പുലരുക തന്നെ ചെയ്യും- എന്ന സുവാർത്ത ആവർത്തിക്കുകയാണിവിടെ. അവിടെ,

ഈ ലോകത്തു വെച്ചുതന്നെ ദൈവിക വാഗ്ദാനം പുലരുന്നതിനു ഉദാഹരണമായി മൂസാ നബിയുടെ വിജയത്തിന്റെയും ഫറവോന്റെ നാശത്തിന്റെയും ചരിത്രം ചൂണ്ടിക്കാണിച്ചിരുന്നു. അനന്തരം ധർമധിക്കാരികൾ പരലോകത്തു നേരിടേണ്ടി വരുന്ന മഹാ പരാജയം വിവരിച്ച ശേഷം 55-ാം സൂക്തം നൽകിയ ഉപദേശം ഒന്നുകൂടി ആവർത്തിക്കുകയാണിവിടെ. അതായത് പ്രവാചകനും അദ്ദേഹം പ്രബോധനം ചെയ്യുന്ന ആദർശവും വിജയിക്കുമെന്നും, അതിനെ എതിർത്തവർ പരാജയപ്പെടുമെന്നും അല്ലാഹു നൽകിയ വാഗ്ദത്തവും താക്കീതും സത്യമായി പുലരുക തന്നെ ചെയ്യും. അതിനായി ക്ഷമയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുക. വാഗ്ദത്തം ഒരു പക്ഷെ പ്രവാചകന്റെ ജീവിത കാലത്തു തന്നെ സഫലമായേക്കാം. പ്രവാചകന്മാരുടെ ജീവിത കാലത്തു തന്നെ ദൈവിക വാഗ്ദത്തം പുലർന്നതിന്റെ ഉദാഹരണമാണ് മൂസാ, ദാവൂദ്, സുലൈമാൻ പ്രവാചകന്മാരുടെ ചരിത്രം. ഏറെ വൈകാതെ മുഹമ്മദ് നബിക്ക് ലഭിക്കാനിരിക്കുന്നത് അതിലും ഗംഭീരമായ വിജയമാണ്. ഖുറൈശികൾ നേരിടാൻ പോവുന്നത് വൻ പരാജയവുമാകുന്നു. അറേബ്യൻ ഉപദ്വീപിൽ ഇസ്‌ലാം നിറഞ്ഞുനിന്ന ശേഷമാണ് പ്രവാചകൻ ഇഹലോക വാസം വെടിഞ്ഞത്.

ചില പ്രവാചകന്മാർക്കും അവരുടെ ജീവിത കാലത്ത് പ്രസ്താവ്യമായ വിജയം കാണാൻ കഴിഞ്ഞിട്ടില്ല. ലൂത്ത്, ഹൂദ്, സ്വാലിഹ്, സകരിയ്യ, ഈസാ(അ) തുടങ്ങിയ അനേകം പ്രവാചകവര്യന്മാർ ഇക്കൂട്ടത്തിലാണ്. നൂഹ്, ഹൂദ്, സ്വാലിഹ്, ശുഐബ് തുടങ്ങിയ പ്രവാചകന്മാർ തങ്ങളുടെ ആദർശ വിജയം കണ്ടില്ലെങ്കിലും പ്രതിയോഗികളുടെ വിനാശം കാണുകയുണ്ടായി. വിനാശകാലത്ത് ആ സമൂഹങ്ങളെ വെടിഞ്ഞു പോന്ന പ്രവാചക ശിഷ്യന്മാർ മറ്റു സ്ഥലങ്ങളിൽ പുതിയ ധാർമിക സമൂഹങ്ങൾ സ്ഥാപിക്കുകയായിരുന്നു. ഈസാ(അ) യുടെ ജീവിത കാലത്ത് തുഛം ആളുകളേ അദ്ദേഹത്തിൽ വിശ്വസിച്ചുള്ളൂ. പക്ഷെ, അദ്ദേഹത്തിനുശേഷം ഏതാനും നൂറ്റാണ്ടുകൾക്കകം പശ്ചിമേഷ്യയിലും റോമാ സാമ്രാജ്യത്തിലും അദ്ദേഹത്തിന്റെ മതം ആധിപത്യം നേടി. ഇഹലോകത്ത് പ്രവാചകന്മാർക്ക് സ്വന്തം വിജയവും ശത്രുക്കളുടെ പരാജയവും കാണാൻ കഴിഞ്ഞില്ലെങ്കിൽ അവർ പരാജയപ്പെട്ടുവെന്ന് കരുതേണ്ട. വിജയപരാജയങ്ങൾ ആർക്ക് എപ്പോൾ എങ്ങനെ നൽകണമെന്ന് തീരുമാനിക്കുന്നത് അല്ലാഹുവാണ്. ചില പ്രവാചകന്മാരോടുള്ള വിജയ വാഗ്ദാനം സാക്ഷാത്കരിക്കപ്പെടുന്നത് പരലോകത്തു മാത്രമായിരിക്കും. അവരും അവരുടെ അനുയായികളും അത്യുന്നത സ്വർഗങ്ങൾക്കവകാശികളാകുന്നു. ഈ ലോകത്തനുഭവിച്ച പീഡനങ്ങൾക്കും ത്യാഗങ്ങൾക്കുമെല്ലാം ന്യായമായ പരിഹാരവും അർഹിക്കുന്നതിലേറെ പ്രതിഫലവും അവിടെ ലഭിക്കുന്നു. അവരെ ദ്രോഹിച്ച ധിക്കാരികൾക്ക് മുൻ സൂക്തങ്ങൾ വർണിച്ച കൊടിയ ശിക്ഷയും.

ഈ സമ്മർദത്തിൽ فَإِلَيْنَا يُرْجَعُونَ -നമ്മിലേക്കു തന്നെയാണവർ മടക്കപ്പെടുന്നത് എന്ന വാക്യത്തിന്റെ താൽപര്യം ഇതാണ്. ഇവിടെ രക്ഷിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാത്തവർ ആ ദൈവിക നടപടിയിൽനിന്ന് ഒഴിഞ്ഞുപോകുന്നവരല്ല. ഇവിടെ രക്ഷാ ശിക്ഷകൾ നൽകിയിരുന്ന അല്ലാഹുവിങ്കലേക്കു തന്നെയാണവർ വരുന്നത്. ഇവിടെ ഒഴിഞ്ഞുപോയ രക്ഷയും ശിക്ഷയും കൂടുതൽ കനത്തിൽ അവിടെ അവരെ കാത്തിരിപ്പുണ്ട്. ഈ ആശയം 10:46-ലും പ്രസ്താവിച്ചിരിക്കുന്നു.

وَإِمَّا نُرِيَنَّكَ بَعْضَ الَّذِي نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِلَيْنَا مَرْجِعُهُمْ ثُمَّ اللَّهُ شَهِيدٌ عَلَىٰ مَا يَفْعَلُونَ ﴿٤٦﴾

(നാം അവരെ താക്കീതു ചെയ്യുന്ന ചിലത് നിന്റെ ജീവിതകാലത്തു തന്നെ കാണിച്ചു തന്നേക്കാം. അല്ലെങ്കിൽ അതിനു മുമ്പേ നിന്റെ ജീവിതം നാം പൂർണമാക്കിയെന്നും വരാം. അപ്പോഴും നമ്മിലേക്കു തന്നെയാണ് എല്ലാവരുടെയും മടക്കം. പിന്നെ, അവർ ചെയ്തുകൊണ്ടിരിക്കുന്നതിനൊക്കെയും അല്ലാഹു സാക്ഷിയാകുന്നു). 43:41,42-ൽ പറയുന്നു:

فَإِمَّا نَذْهَبَنَّ بِكَ فَإِنَّا مِنْهُم مُّنتَقِمُونَ ﴿٤١﴾ أَوْ نُرِيَنَّكَ الَّذِي وَعَدْنَاهُمْ فَإِنَّا عَلَيْهِم مُّقْتَدِرُونَ ﴿٤٢﴾

(നാം നിന്നെ ഈ ലോകത്തുനിന്നു നേരത്തെ പോക്കിയേക്കാം. എന്നാലും നാം അവരെ തിരിച്ചടിക്കുന്നതാണ്. അല്ലെങ്കിൽ അവരെ താക്കീതു ചെയ്ത ശിക്ഷ നിനക്കും കാണിച്ചുതന്നുവെന്നും വരാം. നാം അവരുടെ മേൽ എന്തിനും കഴിവുള്ളവനാകുന്നു). 13:40-ൽ പറയുന്നു:

وَإِن مَّا نُرِيَنَّكَ بَعْضَ الَّذِي نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِنَّمَا عَلَيْكَ الْبَلَاغُ وَعَلَيْنَا الْحِسَابُ ﴿٤٠﴾

(ഈ ജനത്തിന് നാം വാഗ്ദത്തം ചെയ്തിട്ടുള്ളതിൽ ചിലത് നിന്റെ ജീവിത കാലത്തു തന്നെ കാണിച്ചു തന്നുവെന്ന് വരാം. അല്ലെങ്കിൽ അതു പ്രത്യക്ഷമാകും മുമ്പേ നിന്നെ മരിപ്പിച്ചുവെന്നും വരാം. സന്ദേശം എത്തിക്കുക മാത്രമാകുന്നു നിന്റെ ചുമതല. വിചാരണ നമ്മുടെ മാത്രം ഉത്തരവാദിത്വമാകുന്നു). എന്തുകൊണ്ട് നമുക്ക് പെട്ടെന്ന് വിജയം ഉണ്ടാകുന്നില്ല എന്ന വിശ്വാസികളുടെ ഉത്കണ്ഠ ശമിപ്പിക്കുന്നതിനായും, തങ്ങളെ ഭീഷണിപ്പെടുത്തുന്ന ദൈവശിക്ഷ എന്തുകൊണ്ട് വൈകുന്നു എന്ന ധർമധിക്കാരികളുടെ വെല്ലുവിളിക്കു മറുപടിയായുമായിട്ടാണ് ഇക്കാര്യം ആവർത്തിച്ചു പറയുന്നത്. ●

---

وَلَقَدْ أَرْسَلْنَا رُسُلًا مِّن قَبْلِكَ مِنْهُم مَّن قَصَصْنَا عَلَيْكَ وَمِنْهُم مَّن لَّمْ نَقْصُصْ عَلَيْكَ ۗ وَمَا كَانَ لِرَسُولٍ أَن يَأْتِيَ بِآيَةٍ إِلَّا بِإِذْنِ اللَّهِ ۚ فَإِذَا جَاءَ أَمْرُ اللَّهِ قُضِيَ بِالْحَقِّ وَخَسِرَ هُنَالِكَ الْمُبْطِلُونَ ﴿٧٨﴾

78. നിനക്ക് മുമ്പ് നാം നിരവധി ദൈവദൂതന്മാരെ നിയോഗിച്ചിട്ടുള്ളതാകുന്നു. അവരിൽ ചിലരുടെ ചരിത്രം പറഞ്ഞു തന്നിട്ടില്ല. എന്നാൽ ദൈവഹിതമില്ലാതെ സ്വേഛയാ ദൃഷ്ടാന്തമവതരിപ്പിക്കുക ഒരു ദൈവദൂതന്റെയും പ്രകൃതിയായിരുന്നില്ല. അങ്ങനെ അല്ലാഹുവിന്റെ കൽപന വന്നപ്പോൾ ന്യായവിധി നടത്തപ്പെട്ടു. അപ്പോൾ അസത്യവാദികൾ മഹാനഷ്ടത്തിലകപ്പെടുകയും ചെയ്തു.

78

وَلَقَدْ أَرْسَلْنَا رُسُلًا = നാം(നിരവധി) ദൈവദൂതന്മാരെ നിയോഗിച്ചിട്ടുള്ളതാകുന്നു مِّن قَبْلِكَ = നിനക്കു മുമ്പ്
مِنْهُم مَّن قَصَصْنَا عَلَيْكَ = അവരിൽ ചിലരെ(രുടെ ചരിത്രം) നാം നിനക്കു പറഞ്ഞുതന്നിരിക്കുന്നു
وَمِنْهُم مَّن لَّمْ نَقْصُصْ عَلَيْكَ = ചിലരെ(രുടെ ചരിത്രം) നാം നിനക്കു പറഞ്ഞു തന്നിട്ടില്ല
وَمَا كَانَ لِرَسُولٍ = ഒരു ദൈവദൂതന്നുള്ളതല്ല(ന്റെ പ്രകൃതമല്ല)
أَن يَأْتِيَ بِآيَةٍ = (സ്വേഛയാ) ദൃഷ്ടാന്തം കൊണ്ടുവരിക(അവതരിപ്പിക്കുക)
إِلَّا بِإِذْنِ اللَّهِ = അല്ലാഹുവിന്റെ(ദൈവ)ഹിതമില്ലാതെ فَإِذَا جَاءَ أَمْرُ اللَّهِ = അങ്ങനെ അല്ലാഹുവിന്റെ കൽപന വന്നപ്പോൾ
قُضِيَ بِالْحَقِّ = സത്യം കൊണ്ട് വിധിക്കപ്പെട്ടു (ന്യായ വിധി നടത്തപ്പെട്ടു)
وَخَسِرَ هُنَالِكَ = അവിടെ (അപ്പോൾ മഹാ) നഷ്ടത്തിൽ അകപ്പെടുകയും ചെയ്തു الْمُبْطِلُونَ = അസത്യവാദികൾ

മുൻ സൂക്തത്തിലെ സാന്ത്വനം തുടരുകയാണ്: പ്രവാചകനും വിശ്വാസികളും നിഷേധിക്കപ്പെടുന്നതും പീഡിപ്പിക്കപ്പെടുന്നതും അവരെ പീഡിപ്പിച്ച സത്യനിഷേധികളായ ധിക്കാരികൾ ശിക്ഷിക്കപ്പെടാതെ വിലസുന്നതും അസാധാരണ പ്രതിഭാസമല്ല. അല്ലാഹു ഈ ഭൂമിയിൽ അനേകായിരം പ്രവാചകന്മാരെ അയച്ചിട്ടുണ്ട്. അവരിൽ ചിലരുടെ ചരിത്രം അല്ലാഹു ഈ ഖുർആനിലൂടെ മുഹമ്മദ് നബിക്കു പറഞ്ഞു തന്നിരിക്കുന്നു. ചരിത്രം പറഞ്ഞിട്ടില്ലാത്ത പ്രവാചകന്മാരും ഏറെയുണ്ട്. പറഞ്ഞുതന്ന പ്രവാചക ചരിത്രങ്ങളിൽ തന്നെ മുകളിൽ വിവരിച്ച ദൈവിക നടപടികൾക്ക് വേണ്ടത്ര ഉദാഹരണങ്ങൾ കാണാം. പറയപ്പെടാത്ത പ്രവാചകന്മാരുടെ അനുഭവവും അങ്ങനെയൊക്കെത്തന്നെയാണ്.

എല്ലാ പ്രവാചകന്മാരോടും അവരുടെ എതിരാളികൾ ദിവ്യദൃഷ്ടാന്തം പ്രത്യക്ഷപ്പെടുത്താൻ ആവശ്യപ്പെടാറുണ്ടായിരുന്നു. അതിൽ പ്രധാനം ഇതായിരുന്നു: നിങ്ങളെ നിഷേധിക്കുന്നവരെ ദൈവം ശിക്ഷിക്കുമെന്നു ഭീഷണപ്പെടുത്തുന്നുണ്ടല്ലോ. ഞങ്ങളിതാ നിങ്ങളെ നിഷേധിച്ചിരിക്കുന്നു. ആ ഭീഷണിയൊന്നു പുലർന്നുകാണട്ടെ, എങ്കിൽ അതൊരു ദിവ്യദൃഷ്ടാന്തമായി കരുതി ഞങ്ങൾ നിങ്ങളെ വിശ്വസിച്ചു കൊള്ളാം. ഇതുകൂടാതെ ദൈവത്തെ നേരിട്ട് ഹാജരാക്കുക, മലക്കുകളെ ഇറക്കി സാക്ഷ്യം പറയിക്കുക, മരുഭൂമിയെ മലർവാടിയാക്കുക എന്നിങ്ങനെ നിരവധി ദൃഷ്ടാന്തങ്ങൾ അവിശ്വാസികൾ ആവശ്യപ്പെട്ടിരുന്നു. ഇത്തരം ഒട്ടേറെ ദൃഷ്ടാന്തങ്ങൾ ഖുറൈശികൾ മുഹമ്മദ് നബിയോട് ആവശ്യപ്പെട്ടതായി 17:90-93 സൂക്തങ്ങൾ ഉദ്ധരിക്കുന്നുണ്ട്. അവരോട് അല്ലാഹു പറയുകയാണ്: നിങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തുക പ്രവാചക ധർമമല്ല. അവർക്കതിനു കഴിവുമില്ല. അവർ നിങ്ങളെപ്പോലുള്ള മനുഷ്യരാണ്. 17:90-93-ൽ, വിവിധ ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താൻ ആവശ്യപ്പെടുന്നവർക്ക് മറുപടി നൽകാൻ പ്രവാചകനോട് കൽപിക്കുന്നതിങ്ങനെയാണ്: قُلْ سُبْحَانَ رَبِّي هَلْ كُنتُ إِلَّا بَشَرًا رَّسُولًا (നീ പറയുക: എന്റെ നാഥൻ പരമ പരിശുദ്ധൻ, ഞാനൊരു ദൈവദൂതനായ മനുഷ്യൻ മാത്രമല്ലെയോ). സർവശക്തനായ അല്ലാഹുവിന്റെ അധീനതയിലുള്ള മനുഷ്യാതീതമായ കാര്യമാണ് നിങ്ങളെന്നോടാവശ്യപ്പെടുന്നതെന്നു സാരം. 6:109-ൽ പറയുന്നതിങ്ങനെയാണ്: قُلْ إِنَّمَا الْآيَاتُ عِندَ اللَّهِ (പ്രവാചകൻ പറയുക: ദൈവിക ദൃഷ്ടാന്തങ്ങളൊക്കെയും അല്ലാഹുവിങ്കൽ മാത്രമാകുന്നു). ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുത്താനുള്ള കഴിവും അധികാരവും അല്ലാഹുവിനു മാത്രമാകുന്നു.

പ്രവാചകവര്യന്മാരിലൂടെ തീർച്ചയായും അനേകം ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. നൂഹ് നബി മുതൽ മുഹമ്മദ് നബി വരെയുള്ള എല്ലാ പ്രവാചകന്മാരുടെയും ചരിത്രത്തിൽ ഗംഭീരമായ ദിവ്യാത്ഭുതങ്ങൾ കാണാം. അതൊന്നും പക്ഷെ അവരുടെ കഴിവുകൊണ്ട് ഇഛാനുസാരം പ്രത്യക്ഷപ്പെടുത്തിയതല്ല. അല്ലാഹുവിന്റെ കൽപനയാലും കഴിവിനാലും മാത്രം പ്രത്യക്ഷപ്പെടുത്തിയതാണ്. അതാണ് إِلَّا بِإِذْنِ اللَّهِ എന്ന വാക്കിന്റെ താൽപര്യം. ഹിതവും അനുമതിയും കൽപനയും വിളംബരവുമൊക്കെ إِذْن ആണ്. ഒരു ദൃഷ്ടാന്തം പ്രത്യക്ഷമാകണമെന്ന് അല്ലാഹു തീരുമാനിക്കുകയും അവനുദ്ദേശിച്ച പ്രവാചകന് അതിന്റെ പ്രത്യക്ഷീകരണം ഹിതപ്പെടുത്തിക്കൊടുക്കുകയും ചെയ്യാതെ ഒരു പ്രവാചകന്നും ദിവ്യാത്ഭുതം സൃഷ്ടിക്കാൻ കഴിയില്ല. ഒരു പ്രവാചകനിലൂടെ ഒരു ദിവ്യാത്ഭുതം പ്രത്യക്ഷമാകണമെന്ന് അല്ലാഹു തീരുമാനിച്ചാലല്ലാതെ - فَإِذَا جَاءَ أَمْرُ اللَّهِ - ദൃഷ്ടാന്തം ശിക്ഷയുടേതായാലും രക്ഷയുടേതായാലും ബന്ധപ്പെട്ടവർക്ക് നീതിയും ന്യായവും ലഭിക്കുന്ന വിധത്തിൽ അതുളവാകണമെന്നു വിധിയുണ്ടാകുന്നു. قُضِيَ بِالْحَقِّ -അല്ലാഹുവിന്റെ കൽപന വിധിക്കപ്പെടുകയെന്നാൽ അതു നടപ്പിലാക്കപ്പെടുകയാണ്. ദൃഷ്ടാന്തം സൃഷ്ടിക്കപ്പെടാനും ഉളവാകാനുമുള്ള മൗലിക കൽപന امر التكوين ആണ് ഇവിടെ പറയുന്ന إِذْن എന്നും വ്യാഖ്യാനമുണ്ട്. ആ അർഥത്തിലെടുത്താലും സാരാംശത്തിൽ മാറ്റമില്ല. ഖണ്ഡിക്കുന്നവരും അസാധുവാക്കുന്നവരും മിഥ്യാവാദികളും അസത്യവാദികളുമൊക്കെയാണ് مُبْطِلُونَ. ദൈവിക ദൃഷ്ടാന്തങ്ങളെയും സൂക്തങ്ങളെയും കുറിച്ച് കുതർക്കങ്ങളുന്നയിച്ച് സത്യത്തെ തള്ളിക്കളയുന്നവരാണ് ഇവിടെ ഉദ്ദേശ്യം. കാഫിറുകളുടെ മറ്റൊരു ഭാഷ്യമാണിത്. 85-ാം സൂക്തം ഇവരെ വിശേഷിപ്പിക്കുന്നത് الْكَافِرُونَ എന്നു തന്നെയാണ്. ഇന്ന് പണക്കൊഴുപ്പിന്റെയും അധികാരത്തിന്റെയും ബലത്തിൽ കുതർക്കങ്ങളുന്നയിച്ച് സത്യത്തെ അസത്യമെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നവരെല്ലാം അന്ന് വൻപരാജയം ഏറ്റുവാങ്ങേണ്ടി വരുന്നു എന്നാണ് خَسِرَ هُنَالِكَ الْمُبْطِلُونَ ന്റെ സാരം. هُنَالِكَ മൗലികമായി സ്ഥലസൂചക പദമാണ്; ആ സ്ഥലത്ത്, അവിടെ എന്ന്. ഇവിടെ അതുപയോഗിച്ചിരിക്കുന്നത്

സമയ സൂചകമായിട്ടാണെന്ന് മുഫസ്സിറുകൾ പൊതുവിൽ കരുതുന്നു. ദൈവിക ദൃഷ്ടാന്തം പ്രത്യക്ഷപ്പെടുന്ന ബദ്റ് മുതൽ മക്കാ വിമോചനം വരെയുള്ള ഇസ്‌ലാമിക വിജയങ്ങൾ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ അവർ എല്ലാം നഷ്ടപ്പെട്ട നിസ്സഹായരായിത്തീരുമെന്നാണ് താൽപര്യമെന്നും അവർ വിശദീകരിക്കുന്നു. അവിടെ എന്ന ഭാഷാർഥത്തിൽ തന്നെയാണ് هُنَالِكَ ഉപയോഗിച്ചിട്ടുള്ളതെന്നും ബദ്ർ മുതൽ മക്കാ മോചനം വരെയുള്ള പോരാട്ടങ്ങളരങ്ങേറിയ സ്ഥലങ്ങളെയാണ് സൂചിപ്പിക്കുന്നതെന്നും മറ്റു ചിലർ വ്യാഖ്യാനിക്കുന്നു. സാരാംശത്തിൽ രണ്ടു വ്യാഖ്യാനവും ഒന്നുതന്നെയാണ്.

അല്ലാഹു മുഹമ്മദ് നബി(സ)ക്ക് പരിചയപ്പെടുത്തിയ പ്രവാചകന്മാരുടെ എണ്ണത്തെക്കാൾ എത്രയോ കൂടുതലാണ് പരിയപ്പെടുത്താത്ത പ്രവാചകന്മാർ. ഖുർആൻ പരിചയപ്പെടുത്തിയിട്ടുള്ളത് ഇസ്രാഈലീ പ്രവാചകന്മാരെയും അറേബ്യയിൽ പ്രവർത്തിച്ച പ്രവാചകന്മാരെയുമാണ്. അവരെ മാത്രം പരിചയപ്പെടുത്താൻ പല കാരണങ്ങളുണ്ട്. 1) എല്ലാ പ്രവാചകന്മാരുടെയും പ്രബോധനവും പ്രവർത്തനവും ഏതാണ്ട് ഒരുപോലെയായിരുന്നു. പരിചയപ്പെടുത്തിയ പ്രവാചകന്മാരിലൂടെ പരിചയപ്പെടുത്താത്ത പ്രവാചകന്മാരെയും മൊത്തത്തിൽ മനസ്സിലാക്കാൻ കഴിയും. 2) ഇസ്രാഈലീ കഥകളിലൂടെ ഇസ്രാഈലി പ്രവാചകന്മാരെക്കുറിച്ചും അറേബ്യൻ ഇതിഹാസങ്ങളിലൂടെ അറബി പ്രവാചകന്മാരെക്കുറിച്ചും അറബികൾ കേട്ടിട്ടുണ്ടായിരുന്നു. അതുകൊണ്ട് അവരെ കുറിച്ചു പറയുന്നത് അറബികൾക്കും വേദക്കാർക്കും വേഗം മനസ്സിലാക്കാൻ കഴിയുമായിരുന്നു. ഇസ്രാഈലീ-അറബി പ്രവാചകന്മാരെക്കുറിച്ചു പ്രചരിച്ചിട്ടുള്ള അബദ്ധജഡിലമായ ചരിത്രങ്ങൾ തിരുത്തിക്കൊണ്ട് യഥാർഥത്തിൽ അവർ ആരായിരുന്നുവെന്നും എന്തായിരുന്നു അവരുടെ സന്ദേശമെന്നും എങ്ങനെയാണവർ പ്രവർത്തിച്ചതെന്നും പഠിപ്പിക്കുകയാണ് ഖുർആൻ ചെയ്യുന്നത്. 3) അറേബ്യൻ ഉപദ്വീപിൽ വസിച്ചിരുന്നവർ സംസാരിച്ചിരുന്നത് അറബിയും അതിന്റെ ശാഖകളായ ഹിബ്രു, അരമായ ഭാഷകളുമായിരുന്നു. അറേബ്യക്കു പുറത്തുള്ളവരെ -عَجَم- മിണ്ടാപ്രാണികൾ അഥവാ ആശയവിനിമയം സാധ്യമല്ലാത്തവർ ആയിട്ടാണവർ കണ്ടിരുന്നത്. അവരുടെ ചരിത്രവും ഭാഷയും സംസ്കാരവും ദർശനവുമൊക്കെ സാധാരണ അറബികൾക്കജ്ഞാതമായിരുന്നു. ഈ സാഹചര്യത്തിൽ ഇന്ത്യയിലോ ചൈനയിലോ വന്ന പ്രവാചകന്മാരെക്കുറിച്ചു പറഞ്ഞാൽ അവർക്കുൾക്കൊള്ളാൻ കഴിയുമായിരുന്നില്ല.

ഇരുപത്തിയഞ്ച് പ്രവാചകന്മാരുടെ പേരാണ് ഖുർആൻ പരാമർശിച്ചിട്ടുള്ളത്. അതിൽ താഴെ പറയുന്ന 18 പേരുകൾ 6:83-86 സൂക്തങ്ങളിൽ തുടർച്ചയായി വന്നിരിക്കുന്നു- ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ്, നൂഹ്, ദാവൂദ്, സുലൈമാൻ, അയ്യൂബ്, യൂസുഫ്, മൂസാ, ഹാറൂൻ, സകരിയ്യ, യഹ്‌യാ, ഈസാ, ഇൽയാസ്, ഇസ്മാഈൽ, അൽയസഅ്, യൂനുസ്, ലൂത്വ്. മറ്റിടങ്ങളിൽ പരാമർശിക്കപ്പെട്ട ഏഴുപേർ ഇദ്‌രീസ് (19:56), ഹൂദ് (11:53), ശുഐബ് (7:84), സ്വാലിഹ് (7:73) ദുൽകിഫ്ൽ (21:85), ആദം (2:31) മുഹമ്മദ് (3:144). ഇപ്പറഞ്ഞവരെ പ്രവാചകന്മാരാണെന്ന് വിശ്വസിക്കുക മുസ്‌ലിംകൾക്കു നിർബന്ധമാകുന്നു. ഇക്കൂട്ടത്തിൽ യൂസുഫ് നബിയുടെ കാര്യത്തിൽ ചിലർ സംശയമുന്നയിച്ചിട്ടുണ്ട്. ഖുർആൻ അദ്ദേഹത്തെ പ്രവാചകൻ نَبِيّ അല്ലെങ്കിൽ ദൈവദൂതൻ رسول എന്നു വിശേഷിപ്പിച്ചിട്ടില്ലാത്തതും, അദ്ദേഹം പ്രബോധന പ്രവർത്തനത്തിൽ ഏർപ്പെട്ടതായി ചരിത്രമില്ലാത്തതുമാണ് അതിനുകാരണം. ഈ സന്ദേഹം ബാലിശമാണ്. യൂസുഫി(അ)ന് ദിവ്യസന്ദേശം (وحي) ലഭിച്ചിരുന്നുവെന്ന് ഖുർആനിൽനിന്ന് വ്യക്തമാകുന്നു. അദ്ദേഹം ജയിൽവാസമനുഭവിച്ച കാലത്ത് സഹതടവുകാരായിരുന്നവരെ പ്രബോധനം ചെയ്തതായി വ്യക്തമായ സൂചനയുമുണ്ട്.

ഖളിർ, ലുഖ്മാൻ, ദുൽഖർനൈൻ, മർയം തുടങ്ങി ഖുർആനിൽ പരാമർശിക്കപ്പെടുകയോ സൂചിപ്പിക്കപ്പെടുകയോ ചെയ്തവരും പ്രവാചകന്മാരായിരുന്നുവെന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇവരിൽ ചിലരോട് മലക്കുകൾ മുഖേനയോ മറ്റു മാധ്യമങ്ങളിലൂടെയോ അല്ലാഹു സംസാരിച്ചിട്ടുണ്ട് എന്നും, ചിലർക്ക് ജ്ഞാനം -الحكمة- നൽകിയിട്ടുണ്ട് എന്നും പ്രസ്താവിച്ചിട്ടുള്ളതാണ് ഈ അഭിപ്രായത്തിനാധാരം. الحكمة-നെ ഖുർആൻ പലയിടത്തും പ്രവാചകത്വത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചിട്ടുണ്ടല്ലോ. മലക്ക് ഇറങ്ങിവന്ന് മർയമിനോട് സംസാരിച്ചതായി ഖുർആൻ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. എങ്കിലും സ്ത്രീകൾ പ്രവാചകരായി നിയോഗിക്കപ്പെട്ടിട്ടില്ലെന്നാണ് മുസ്‌ലിം പണ്ഡിതന്മാരുടെ പൊതുവായ നിലപാട്. സ്ത്രീകൾ പ്രവാചകന്മാരായിട്ടുണ്ട് എന്നതിനോ ആയിട്ടില്ല എന്നതിനോ, പ്രാമാണികമായ തെളിവുകളില്ല എന്നതാണ് വാസ്തവം. സ്ത്രീകൾ വഹ്‌യ് സ്വീകരിക്കാൻ യോഗ്യരാകുന്നു എന്നതിന്റെ അനിഷേധ്യമായ ഉദാഹരണമാകുന്നു മർയം(റ). മൊത്തം 124000 പ്രവാചകന്മാർ ഈ ലോകത്താഗതരായിരിക്കുന്നു എന്ന് ഒരു നിവേദനമുണ്ട്. മൊത്തം 80000 പ്രവാചകന്മാർ വന്നു എന്നാണ് മറ്റൊരു നിവേദനം. ഈ നിവേദനങ്ങളുടെ സാധുത എത്രത്തോളമുണ്ടെന്നറിഞ്ഞുകൂടാ. وَلِكُلِّ أُمَّةٍ رَسُولٌ (എല്ലാ സമുദായത്തിനും ദൈവദൂതൻ ഉണ്ടായിരുന്നു -10:47). وَلَقَدْ بَعَثْنَا فِي كُلِّ قرية نديرا-എല്ലാ നാട്ടിലും നാം മുന്നറിയിപ്പുകാരനെ നിയോഗിച്ചിരുന്നു. وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولًا-എല്ലാ സമുദായത്തിലും നാം ദൈവദൂതനെ അയച്ചിട്ടുണ്ടായിരുന്നു എന്നിങ്ങനെ ഖുർആൻ ആവർത്തിച്ചുപറയുന്നുണ്ട്. ഇതനുസരിച്ച് ഒന്നേകാൽ ലക്ഷത്തിലും എൺപതിനായിരത്തിലുമൊക്കെ വളരെ കൂടുതൽ പ്രവാചകന്മാർ ലോകത്താഗതരായിരിക്കാൻ സാധ്യതയുണ്ട്. ഖുർആൻ പ്രവാചകന്മാരെന്നു പരിചയപ്പെടുത്തിയവരെ മാത്രമേ പ്രവാചകന്മാരാണെന്ന് വിശ്വസിക്കൽ മുസ്‌ലിംകൾക്ക് നിർബന്ധമായിട്ടുള്ളൂ. മറ്റുള്ളവരെ അവരവരുടെ ബോധ്യമനുസരിച്ച് പ്രവാചകന്മാരെന്നോ അല്ലെന്നോ കരുതാവുന്നതാണ്. ●

Matrimonial

മുസ്‌ലിം യുവതി (24/5'4''). പെരിന്തൽമണ്ണക്കടുത്ത പ്രദേശം. അനിവാര്യമായ കാരണത്താൽ വിവാഹമോചിത. ഒരു കുട്ടിയുണ്ട്. സജീവ പ്രസ്ഥാന കുടുംബം. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. പ്രസ്ഥാന പ്രവർത്തകർ ബന്ധപ്പെടുക..

**9846873867**